# പതിമൂന്നാം കേരള നിയമസഭ
## അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.5223 05.07.2012 ൽ മറുപടിയ്ക്ക്

## വൈക്കം ആർ.റ്റി. ഓഫീസിൽ രജിസ്റ്റർ ചെയ്ത വാഹനങ്ങളുടെ വിശദാംശം

| ചോദ്യം<br>ശ്രീ. കെ. അജിത് | | ഉത്തരം<br>ശ്രീ. ആര്യാടൻ മുഹമ്മദ്<br>ഊർജ്ജവും ഗതാഗതവും വകുപ്പ് മന്ത്രി |
|---|---|---|
| (എ) കഴിഞ്ഞ രണ്ടു വർഷത്തിനിടയിൽ വൈക്കം ആർ.ടി. ഓഫീസിൽ എത്ര ടൂറിസ്റ്റ് ടാക്സി വാഹനങ്ങളും എത്ര മോട്ടോർ ബൈക്കുകളും രജിസ്റ്റർ ചെയ്തിട്ടുണ്ട്; | (എ) | 1. ആൾ ഇന്ത്യ ടൂറിസ്റ്റ് ടാക്സി, ടൂറിസ്റ്റ് ഒമിനി ബസ്സ് എന്നീ കാറ്റഗറികളിൽ കഴിഞ്ഞ രണ്ട് വർഷമായി ഒരു വാഹനവും രജിസ്റ്റർ ചെയ്തിട്ടില്ല.<br>2. മോട്ടോർ സൈക്കിൾ രജിസ്റ്റർ ചെയ്തവയുടെ എണ്ണം ഇപ്രകാരമാണ്.<br>(എ) 95 സി.സി-യിൽ കൂടുതൽ കപ്പാസിറ്റിയുള്ള മോട്ടോർ സൈക്കിൾ - 10090<br>(ബി) 95 സി.സി-യിൽ കുറച്ച് കപ്പാസിറ്റിയുള്ള മോട്ടോർ സൈക്കിൾ എണ്ണം - 202 |
| (ബി) ഇതിൽ ടൂറിസ്റ്റ് വാഹനങ്ങളിൽ 5 സീറ്റ്, 7 സീറ്റ്, 14 സീറ്റ്, 27 സീറ്റ് എന്നിവ എത്ര വീതമെന്നു വ്യക്തമാക്കുമോ ; | (ബി) | ടൂറിസ്റ്റ് വാഹനങ്ങൾ 5 സീറ്റ്, 7 സീറ്റ്, 14 സീറ്റ്, 27 സീറ്റ് എന്നീ വിഭാഗങ്ങളിൽ ഒന്നും രജിസ്റ്റർ ചെയ്തിട്ടില്ല. എന്നാൽ ടാക്സി വിഭാഗത്തിലും കോൺട്രാക്റ്റ് ക്യാരേജ് വിഭാഗത്തിലും രജിസ്റ്റർ ചെയ്തിരിക്കുന്നവ താഴെ പറയും പ്രകാരമാണ്.<br>1. 5 സീറ്റ്/6 സീറ്റ്-മോട്ടോർ ക്യാബ് - 248<br>2. 7 സീറ്റ് - മോട്ടോർ ക്യാബ് - 223<br>3. 14 സീറ്റ് കോൺട്രാക്റ്റ് ക്യാരേജ് - 109<br>4. 27 സീറ്റ് കോൺട്രാക്റ്റ് ക്യാരേജ് - 9 |
| (സി) ഈ ഗവൺമെന്റ് അധികാരമേറ്റശേഷം വൈക്കം ആർ.ടി. ഓഫീസ് പരിധിയിൽ എത്ര കള്ളടാക്സികളുടെ മേൽ നടപടി എടുത്തിട്ടുണ്ട്; | (സി) | എ) വാഹന പരിശോധനയിലൂടെയും മോട്ടോർ വാഹന ചട്ട പ്രകാരവും പെർമിറ്റ് എടുപ്പിച്ച് ടാക്സിയാക്കിയത് – 28<br>ബി) വാഹന പരിശോധനയിൽ പിഴ ഒടുക്കിയവ - 31 |
| (ഡി) വൈക്കം ആർ.ടി. ഓഫീസിലെ വാഹന ബാഹുല്യത്തിനും ജോലി ഭാരത്തിനും അനുസൃതമായി ജീവനക്കാരില്ല എന്നകാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ? | (ഡി) | ജോലി ഭാരത്തിനനുസരിച്ച് ജീവനക്കാർ കുറവാണ് എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ